പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1556 16/03/2015-ൽ മറുപടിയ്ക്ക്

## ജൈവകൃഷിക്കുവേണ്ടിയുള്ള കേരള ബ്രാൻഡ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.ശിവദാസൻ നായർ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) ജൈവകൃഷിക്കുവേണ്ടിയുള്ള കേരള ബ്രാൻഡ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | എ) & ബി) ജൈവ കൃഷിക്കുവേണ്ടി കേരള ബ്രാൻഡ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. പ്രാദേശിക ഉല്പന്നങ്ങൾ മേന്മയനുസരിച്ച് അതിനു പ്രത്യേക ബ്രാൻഡ് നല്കി വിപണി വർദ്ധിപ്പിച്ച് കർഷകർക്ക് കൂടുതൽ വരുമാനം ഉണ്ടാക്കുക എന്നതാണ് ലക്ഷ്യം. |
| ബി) പ്രാദേശികയിനം പുതിയ ഉൽപന്നങ്ങൾക്ക് ബ്രാൻഡ് അംഗീകാരം നേടിയെടുക്കുന്നതിന് എന്തൊക്കെ നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | |
| സി) കേരള ബ്രാൻഡ് പദ്ധതി നടപ്പാക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ; പത്തനംതിട്ട ജില്ലയെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | സി) 10.10.2013-ലെ സ.ഉ.(സാധാ) നം.1809/13/കൃഷി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വയനാട്, ഇടുക്കി ജില്ലകളിലെ ഓരോ താലൂക്ക് വീതം ജൈവ താലൂക്കുകളായി മാറ്റുവാൻ ഉത്തരവായിട്ടുണ്ട്. |
| ഡി) പ്രസ്തുത പദ്ധതിക്ക് സംസ്ഥാനം ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; കേന്ദ്ര സഹായം ലഭ്യമാണോ; വിശദാംശം നൽകുമോ? | ഡി) 2013-14 സാമ്പത്തിക വർഷത്തിലും, 2014-15 സാമ്പത്തിക വർഷത്തിലും ഉപധനാഭ്യർത്ഥനയിൽ 1000/- രൂപ (ആയിരം രൂപ മാത്രം) ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിരുന്നു. കേന്ദ്രസഹായം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ